**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3406** | **15-02-2024 - ൽ മറുപടിയ്ക്ക്**

**വിദ്യാലയങ്ങളിലെ ഇന്റർനെറ്റ് ഉപയോഗം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | കൈപ്പമംഗലം നിയോജക മണ്ഡലത്തിൽ ഇനിയും കെ-ഫോൺ പദ്ധതി പ്രകാരം ഇന്റർനെറ്റ് ലഭ്യമാക്കാനുള്ള വിദ്യാലയങ്ങൾ ഉണ്ടോ; ഉണ്ടെങ്കിൽ ഇവിടങ്ങളിൽ എന്നത്തേയ്ക്ക ഇത് ലഭ്യമാക്കാൻ സാധിക്കും; | (എ) | കൈപ്പമംഗലം മണ്ഡലത്തിൽ ആകെയുള്ള 86 സ്കൂളുകളിൽ 59 എണ്ണത്തിൽ ഇന്റർനെറ്റ് ലഭ്യത ഉറപ്പുവരുത്തിയിട്ടുണ്ട്. ബാക്കിയുള്ള സ്കൂളുകളിൽ 2024 മാർച്ച് 31 നകം ഇന്റർനെറ്റ് ലഭ്യത ഉറപ്പുവരുത്തുന്നതിന് വേണ്ടിയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. |
| (ബി) | ഈ ഇന്റർനെറ്റ് സൗകര്യം വിദ്യാർത്ഥികളിൽ എത്തിക്കുന്നതിനായി ഐടി വകുപ്പ് വഴി മോണിറ്ററിംഗ് സംവിധാനം കാര്യക്ഷമമായി നടത്താൻ സാധിക്കുമോ;വിശദാംശം നൽകുമോ? | (ബി) | വിദ്യാർത്ഥികളുടെ പഠനപ്രവർത്തനത്തിന് സഹായകരമാകുക എന്ന രീതിയിൽ തന്നെയാണ് സ്കൂളുകളിൽ ഇന്റർനെറ്റ് സൗകര്യം ലഭ്യമാക്കുന്നത്. നിലവിൽ സർക്കാർ ഓഫീസുകളിലെ ഇന്റർനെറ്റ് ലഭ്യത ഉറപ്പുവരുത്തുന്നതിനും, പരാതി പരിഹാരത്തിനുമായി കെ-ഫോൺ കേന്ദ്രീകൃത കാൾ സെന്റർ പ്രവർത്തിച്ച് വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ